"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഇടുക്കി ജില്ലയിലെ ഏജന്റ് ശ്രീ.മൊയ്തീൻ.എച്ച് (Y-3010) കാലപരിധി കഴിഞ്ഞു സമർപ്പിച്ച സമ്മാനാർഹമായ ടിക്കറ്റുകളുടെ സമ്മാനത്തുക വിതരണം നടത്തുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.224/2025/TAXES തീയതി,തിരുവനന്തപുരം, 12-03-2025

---

പരാമർശം:- സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 02.03.2024, 06.12.2024 എന്നീ തീയതികളിലെ SLTY/368/2024-PB3 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഭാഗ്യക്കുറി ഏജന്റായ ശ്രീ.മൊയ്തീൻ.എച്ച് (Y-3010) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ 2023 ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ നറുക്കെടുപ്പ് നടന്ന ലോട്ടറി ടിക്കറ്റുകൾ വിൽപ്പനയ്ക്കായി വാങ്ങിയിരുന്നുവെങ്കിലും അതിന്റെ നറുക്കെടുപ്പ് നടന്ന കാലയളവിൽ ടിയാൻ രോഗബാധിതനായി ആശുപത്രിവാസത്തിലാവുകയും ഓർമ്മശക്തി നഷ്ടപ്പെടുകയും ചെയ്തതിനാൽ ടിയാന്റെ കൈവശമുണ്ടായിരുന്ന ടിക്കറ്റുകളിൽ സമ്മാനാർഹമായ ടിക്കറ്റുകൾ യഥാസമയം ഓഫീസിൽ സമർപ്പിക്കുവാനോ സമ്മാനത്തുക കൈപ്പറ്റുവാനോ സാധിച്ചിരുന്നില്ലെന്നും അതിനാൽ കാലതാമസം മാപ്പാക്കി സമ്മാനത്തുക നൽകണമെന്നപേക്ഷിച്ച് ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം പ്രകാരം സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു

2. കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) റൂൾ-2005 ചട്ടം 9(5) പ്രകാരം രജിസ്ട്രേഡ് ഏജന്റുമാർ ശേഖരിച്ച 5,000/- രൂപ വരെയുള്ള സമ്മാന ടിക്കറ്റുകൾ 90 ദിവസത്തിനകം ഓഫീസിൽ ഹാജരാക്കേണ്ടതുണ്ടെങ്കിലും 128 ദിവസം മുതൽ 167 ദിവസം വരെ കാലതാമസമുള്ളവയാണ് ടിയാൻ സമർപ്പിച്ച ടിക്കറ്റുകൾ എന്നും, ₹6,18,700/- രൂപയുടെ സമ്മാനാർഹമായ ടിക്കറ്റുകളാണ് ടിയാന്റെ കൈവശമുള്ളതെന്നും ടിയാന്റെ രോഗാവസ്ഥ കണക്കിലെടുത്ത് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ടിക്കറ്റുകൾ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം ഒരു പ്രത്യേക കേസായി പരിഗണിച്ച് മാപ്പാക്കി ₹6,18,700/- രൂപ (ആറ് ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ് രൂപ മാത്രം) സമ്മാനത്തുക വിതരണം നടത്തുന്നതിനുള്ള അനുമതി നൽകണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി

ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വസ്തുതകളുടെ വെളിച്ചത്തിലും, ശ്രീ.മൊയ്തീൻ.എച്ച്-ന്റെ ഗുരുതരമായ രോഗാവസ്ഥ പരിഗണിച്ച് മാനുഷിക പരിഗണന നൽകിയും, ഒരു പ്രത്യേക കേസായി പരിഗണിച്ച്, കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ചട്ടങ്ങൾ,2005-ലെ ചട്ടം 10 സർക്കാരിനു നല്കുന്ന സവിശേഷ അധികാരം വിനിയോഗിച്ച്, കാലപരിധി കഴിഞ്ഞ് സമർപ്പിച്ച സമ്മാന ടിക്കറ്റുകളുടെ സമ്മാനതുകയായ ₹6,18,700/- (ആറു ലക്ഷത്തി പതിനെട്ടായിരത്തി എഴുനൂറ് രൂപ മാത്രം) ശ്രീ.മൊയ്തീൻ എച്ച്-ന് (Y-3010) അനുവദിക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വന്ദന എസ് കെ എ എസ്

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ. തിരുവനന്തപുരം
2. ശ്രീ. മൊയ്തീൻ എച്ച്. (Y-3010) (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
4. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/86/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 12-03-2025 15:20:20
സെക്ഷൻ ഓഫീസർ